# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **CLASS : VII** | **DEPARTMENT: MALAYALAM** | **DATE: 28-08-2021** |
| **Class Note** | **Lesson: 5** | **Topic : OTQ & DISCRIPTIVE** |

**പദപരിചയം**

| | |
|---|---|
| ബുദ്ധിമാൻ | ഉദ്ദേശ്യം |
| ന്യായാധിപൻ | റാത്തൽ |
| വ്യാപാരി | നിസ്വൻ |
| ചരക്കു കപ്പലുകൾ | കൊടും ക്രൂരത |
| സ്വഭാവശുദ്ധി | നിസ്സഹായൻ |
| അമർഷം | കരാർപത്രം |
| നിർഭാഗ്യം | നിബന്ധന |
| സുഹൃത്ത് | ഖജനാവ് |

**അർത്ഥം**

വ്യാപാരി = കച്ചവടക്കാരൻ

വാഗ്വാദം = വാക്കുതർക്കം

അമർഷം = കോപം

നിസ്വൻ = ദരിദ്രൻ

അറ്റകൈ = അവസാനത്തെ പ്രയോഗം

ഖജനാവ് = സർക്കാർ ധനം സൂക്ഷിക്കുന്ന സ്ഥലം

**വിപരീതപദം**

സുന്ദരം x വിരൂപം

ഫലം x നിഷ്ഫലം

ന്യായം x അന്യായം

ധനികൻ x ദരിദ്രൻ

ഭാഗ്യം x നിർഭാഗ്യം

ശിക്ഷ x രക്ഷ

ദുഷ്ടൻ x ശിഷ്ടൻ

**എതിർലിംഗം**

ബുദ്ധിമതി x  ബുദ്ധിമാൻ

ദുഷ്ടൻ x  ദുഷ്ട

നിസ്വൻ x  നിസ്വ

ധനികൻ x ധനിക

രാജാവ് x രാജ്ഞി

ന്യായാധിപൻ x ന്യായാധിപ

**ഒറ്റപ്പദം**

കരുണയുള്ളവൻ = കാരുണ്യവാൻ

സുന്ദരമായ ശരീരം = സുന്ദരശരീരം

സ്വഭാവത്തിന്റെ ശുദ്ധി = സ്വഭാവശുദ്ധി

വഞ്ചിക്കുന്നവൻ = വഞ്ചകൻ

പണം മോഹിക്കുന്നവൻ = പണമോഹി

**ചേർത്തെഴുതുക**

നിഷ്ഫലം + ആയ = നിഷ്ഫലമായ

അയാൾക്ക് + ഉണ്ടായി = അയാൾക്കുണ്ടായി

കോടതിയിൽ + എത്തി = കോടതിയിലെത്തി

പറയാൻ + ഉണ്ടോ = പറയാനുണ്ടോ

ഞാൻ + അപേക്ഷിക്കുന്നു = ഞാനപേക്ഷിക്കുന്നു

**പിരിച്ചെഴുതുക**

വ്യാപാരിയാണ് = വ്യാപാരി + ആണ്

പലിശയില്ലാതെ = പലിശ + ഇല്ലാതെ

അവകാശമുണ്ട് = അവകാശം + ഉണ്ട്

വഴിത്തിരിവ് = വഴി + തിരിവ്

സുന്ദരമായ = സുന്ദരം + ആയ

വഞ്ചിക്കണമെന്ന = വഞ്ചിക്കണം + എന്ന

**ഉത്തരമെഴുതുക**

1. ഷൈലോക്ക് തക്കം പാർത്തിരുന്നത് എന്തിനു വേണ്ടിയായിരുന്നു ?

   അന്റോണിയോയെ ഏതു വിധേനെയും വക വരുത്താനാണ് ഷൈലോക്ക് തക്കം പാർത്തിരുന്നത്.

2. പോർഷ്യ ഏതു വേഷത്തിലാണ് കോടതിയിലെത്തിയത് ?

പോർഷ്യ ന്യായാധിപയുടെ വേഷത്തിലാണ് കോടതിയിലെത്തിയത്.

3. ഷൈലോക്ക് തയ്യാറാക്കിയ കരാർ എപ്രകാരമായിരുന്നു ?

പറഞ്ഞ സംഖ്യ പറഞ്ഞ സമയത്ത് തന്നില്ലെങ്കിൽ പിഴയായി അന്റോണിയോയുടെ സുന്ദരമായ ശരീരത്തിൽ നിന്നും ഒരു റാത്തൽ മാംസം അറുത്തെടുക്കാൻ തനിക്കവകാശമുണ്ട് എന്നായിരുന്നു ഷൈലോക്ക് തയ്യാറാക്കിയ കരാർ .

4. പോർഷ്യയുടെ പ്രസ്താവനക്ക് ശേഷം ഷൈലോക്കിനുണ്ടായ മാറ്റമെന്ത് ?

പോർഷ്യയുടെ പ്രസ്താവനക്ക് ശേഷം തന്റെ തെറ്റുകൾ തിരിച്ചറിഞ്ഞ് ഷൈലോക്ക് ഒരു നല്ല മനുഷ്യനാകാൻ തീരുമാനിച്ചു .

5. ഷൈലോക്ക് കൂടുതൽ ദുഷ്ടനായിത്തീരാൻ കാരണമെന്ത് ?

പക നിറഞ്ഞ വാശി കൊണ്ടാണ് ഷൈലോക്ക് കൂടുതൽ ദുഷ്ടനായത് .

***